# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4374** **17.05.2017-ൽ മറുപടിക്ക്**

## ക്യാൻസർ നിയന്ത്രണ പഠന കേന്ദ്രം

**ചോദ്യം** **മറുപടി**

**ശ്രീ.വി. ജോയി** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ക്യാൻസർ നിയന്ത്രണ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | തിരുവനന്തപുരം ജില്ലയിൽ ആർ.സി.സി കൂടാതെ ഇന്റർ നാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (ഐ.എ.ആർ.സി) യുടെ സഹകരണത്തോട്ടുകൂടി കഴക്കൂട്ടം, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തുകളിലെ ജനങ്ങളുടെ ഇടയിൽ സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും, ഇവയെക്കുറിച്ച് അവബോധം നൽകുന്നതിനുമായി 'ട്രിവാൻഡ്രം ബ്രസ്റ്റ് കാൻസർ സ്ക്രീനിംഗ്' എന്ന ഒരു പ്രോജക്ട് മംഗലപുരത്ത് പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഒരു ക്യാൻസർ നിയന്ത്രണ പഠന കേന്ദ്രം വർക്കലയിൽ ആരംഭിക്കുന്നതിന് ആവശ്യം വേണ്ട നടപടി സ്വീകരിക്കുമോ; | ബി) | ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ക്യാൻസർ നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ വർദ്ധനയ്ക്ക് ആനുപാതികമായ സേവനം നൽകുന്നതിന് നിലവിലുള്ള സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും, നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതി ഇന്ന് സംസ്ഥാനത്ത് 12 ജില്ലകളിൽ പ്രവർത്തന ക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തികൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനു പുറമേ എല്ലാ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷവും ജില്ലാതലത്തിലും, ഉപജില്ലാതലത്തിലും കാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. ഇതിലൂടെ നിരവധി രോഗികളെ പ്രാരംഭദശയിൽ തന്നെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ജീവിതശൈലീ രോഗമായ കാൻസർ തടയുന്നതിന് ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**